നികുതിക്ക് ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് നൽകുകയും ചെയ്യുന്നുണ്ട്. മദ്യം, പെട്രോൾ മുതലായവ വാറ്റ് നികുതിയുടെ പരിധിയിൽ വരുന്നതല്ലാത്തതിനാൽ, ആയതിന് സംസ്ഥാനത്തിനകത്ത് പ്രവേശിക്കുമ്പോൾ നികുതി ചുമത്തുന്നതിന് നിയമതടസ്സമുണ്ട്.

നിയമവിരുദ്ധമായി പ്രവർത്തിക്കുന്ന അന്യസംസ്ഥാന ലോട്ടറികൾ

176 (4530) ശ്രീ. ജോസഫ് എം. പുതുശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിയമവിരുദ്ധമായി പ്രവർത്തിക്കുന്ന അന്യ സംസ്ഥാന ലോട്ടറികൾക്കെതിരെ നടപടി എടുക്കാൻ സംസ്ഥാന സർക്കാരിനു അനുമതി നിൽകിക്കൊണ്ടുള്ള സുപ്രീം കോടതി ഉത്തരവിനുശേഷം ഇത്തരത്തിലുള്ള എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ ; ഏത് വകുപ്പ് പ്രകാരമാണ് പ്രസ്തുത കേസുകൾ രജിസ്റ്റർ ചെയ്തത് ; കേസുകളുടെ തുടർ നടപടിയുടെ നിലവിലെ സ്ഥിതി എന്താണ് ; ഏതൊക്കെ ഏജൻസികൾക്കെതിരെയാണ് ഈ കേസുകൾ ;

(ബി) ഇപ്പോഴും നിയമ വിരുദ്ധമായ ഇത്തരം അന്യ സംസ്ഥാന ലോട്ടറികൾ വ്യാപകമായി പ്രവർത്തിക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ നടപടി സ്വീകരിക്കുവാൻ കഴിയാത്തത് എന്തുകൊണ്ട് ;

(സി) 2010 ഏപ്രിൽ ഒന്നിന് കേന്ദ്ര ആഭ്യന്തമന്ത്രാലയം പുറപ്പെടുവിച്ച വിജ്ഞാപനം അനുസരിച്ച് ലോട്ടറി നടത്തിപ്പിന്റെ പൂർണ്ണ ചുമതല അതത് സംസ്ഥാനങ്ങൾക്ക് നൽകിയിട്ടുണ്ടോ ;

(ഡി) നൽകിയിട്ടുണ്ടെങ്കിൽ ഇതു പ്രകാരം നിയമ വിരുദ്ധമായി പ്രവർത്തിക്കുന്ന അന്യ സംസ്ഥാന ലോട്ടറികൾക്കെതിരെ നടപടി എടുക്കാൻ സംസ്ഥാന സർക്കാരിന്നുണ്ടായിരുന്ന എല്ലാ തടസ്സങ്ങളും നീക്കിയിട്ടുണ്ടോ ; എങ്കിൽ അതനുസരിച്ച് ഇതിനുശേഷം എന്തെല്ലാം നടപടി സ്വീകരിച്ചു ;

(ഇ) ഒറ്റ ദിവസം തന്നെ സംസ്ഥാനത്തെ എല്ലാ ലോട്ടറി കേന്ദ്രങ്ങളിലും റെയ്ഡു നടത്തി നിയമ വിരുദ്ധമായി പ്രവർത്തിക്കുന്ന അന്യ സംസ്ഥാന ലോട്ടറി ടിക്കറ്റുകൾ പിടിച്ചെടുത്ത്, ഈ നിയമലംഘനനടപടി അവസാനിപ്പിക്കാൻ എന്തു കൊണ്ട് കഴിയുന്നില്ല എന്ന് വ്യക്തമാക്കുമോ ;

(എഫ്) നികുതിവകുപ്പും പോലീസും നിയമവകുപ്പും ചേർന്ന് ഇതിനുള്ള ആക്ഷൻ പ്ലാൻ തയ്യാറാക്കാൻ എന്താണ് തടസ്സമെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇതുവരെ 41 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. വിശദ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. *

(ബി) ശ്രദ്ധയിൽപ്പെട്ടീട്ടുണ്ട്.

ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ 4-11-2009 ലെ ഇടക്കാല ഉത്തരവ് പ്രകാരം ലോട്ടറി റെഗുലേഷൻ നിയമത്തിന്റെ ലംഘനത്തിന് എഫ്.ഐ.ആർ. എടുത്ത് തുടരന്വേഷണം നടത്താവുന്നതാണെന്നും, എന്നാൽ അറസ്റ്റോ, തടങ്കലോ മുതലായ തുടർ നടപടികൾ പാടില്ലെന്നും നിഷ്ക്കർഷിച്ചിട്ടുണ്ട്. കൂടാതെ ബന്ധപ്പെട്ട കോടതിയുടെ വാറണ്ടില്ലാതെ ലോട്ടറി വ്യാപാര കേന്ദ്രങ്ങളിൽ പരിശോധന നടത്തുകയോ, കണ്ടുകെട്ടുകയോ ചെയ്യരുതെന്നും നിഷ്ക്കർഷിച്ചിട്ടുണ്ട്. ബഹു. സുപ്രീം കോടതിയുടെ നിബന്ധനകൾക്കു വിധേയമായി നടപടികൾ സ്വീകരിക്കുവാൻ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ കേന്ദ്ര സർക്കാർ ഇപ്പോൾ പുതിയ ലോട്ടറി നിയന്ത്രണ ചട്ടം പുറപ്പെടുവിച്ചിരിക്കുകയാണ്. ഇതിൻ പ്രകാരം അന്യസംസ്ഥാന ലോട്ടറികളുടെ നിയമ ലംഘനത്തിനെതിരായി നടപടി എടുക്കാൻ സംസ്ഥാന സർക്കാരിന് അധികാരമില്ല. കേന്ദ്ര ലോട്ടറി നിയന്ത്രണ നിയമത്തിന്റെ 4-ാം വകുപ്പിന്റെ ലംഘനത്തിനെതിരായി നടപടി സ്വീകരിക്കുവാൻ സംസ്ഥാന സർക്കാരിന് അധികാരം വേണമെന്ന ദീർഘകാലമായുള്ള ആവശ്യത്തെ കേന്ദ്ര സർക്കാർ തള്ളിക്കളഞ്ഞിരിക്കുകയാണ്. ഇതു സംബന്ധിച്ച് ബഹു. സുപ്രീം കോടതിയിൽ നിലവിലുള്ള കേസിൽ കേന്ദ്ര സർക്കാരിന്റെ ഈ പുതിയ ചട്ടങ്ങൾ വലിയ പ്രത്യാഘാതമുണ്ടാക്കും.

(സി & ഡി) പുതിയ ചട്ടങ്ങൾ പ്രകാരം അന്യ സംസ്ഥാന ലോട്ടറികൾക്കെതിരെ നടപടി സ്വീകരിക്കുവാൻ സംസ്ഥാന സർക്കാരിന് അധികാരമില്ല. അന്യസംസ്ഥാന ലോട്ടറികൾ നിയമ വിരുദ്ധമായി പ്രവർത്തിച്ചാൽ അതാതു സർക്കാരുകളെ അറിയിക്കാനും, നടപ്പിലാകാത്ത പക്ഷം കേന്ദ്ര സർക്കാരിനെ അറിയിക്കാനും വ്യവസ്ഥ ചെയ്തിട്ടുണ്ട്. നിയമ വിരുദ്ധമായി നടത്തി വരുന്ന സിക്കിം ലോട്ടറി സംബന്ധിച്ച് കേന്ദ്ര സർക്കാരിനും സിക്കിം സർക്കാരിനും കത്തയച്ചിട്ടുണ്ട്.

(ഇ & എഫ്) പുതിയ കേന്ദ്ര ലോട്ടറി നിയന്ത്രണ ചട്ടങ്ങൾ പ്രകാരം അന്യസംസ്ഥാന ലോട്ടറികളുടെ നിയമ ലംഘനത്തിനെതിരായി നടപടി എടുക്കുവാൻ സംസ്ഥാന സർക്കാരിന് അധികാരമില്ല. ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ 4-11-2009 ലെ ഇടക്കാല ഉത്തരവ് പ്രകാരം ലോട്ടറി റെഗുലേഷൻ നിയമത്തിന്റെ ലംഘനത്തിന് എഫ്.ഐ.ആർ. എടുത്ത് തുടരന്വേഷണം നടത്താവുന്നതാണെന്നും, എന്നാൽ അറസ്റ്റോ, തടങ്കലോ മുതലായ തുടർ നടപടികൾ പാടില്ലെന്നും നിഷ്ക്കർഷിച്ചിട്ടുണ്ട്. കൂടാതെ ബന്ധപ്പെട്ട കോടതിയുടെ വാറണ്ടില്ലാതെ ലോട്ടറി വ്യാപാര കേന്ദ്രങ്ങളിൽ പരിശോധന നടത്തുകയോ, കണ്ടുകെട്ടുകയോ ചെയ്യരുതെന്നും നിഷ്ക്കർഷിച്ചിട്ടുണ്ട്. അധാർമ്മിക പ്രവർത്തനങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ ഇതിൻപ്രകാരം നടപടി എടുക്കാൻ പോലീസിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്